മെയ് 2019

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

ധന്യമായ ഓർമ്മകളെ പിന്നിട്ട് ഒരു സാമ്പത്തികവർഷത്തിന്റെ പുലർച്ചയിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. നമ്മുടെ സഭയിലെ മൂന്നുനാല് ഇടവകകൾ ഒഴികെയുള്ള എല്ലാ ഇടവകകളും ഇടവകസംഘയോഗങ്ങളും തെരഞ്ഞെടുപ്പുകളും വളരെ അനുഗൃഹീതമായ രീതിയിലും മാതൃകാപരമായും നിർവ്വഹിച്ചു എന്നത് സന്തോഷകരമായ ഒരു വസ്തുതയാണ്. എന്നാൽ ചില ഇടവകകളിൽ ഇടവകാംഗങ്ങൾ തമ്മിലുള്ള സ്വരചേർച്ചയില്ലായ്മ മൂലം പല പ്രശ്നങ്ങളും ഉടലെടുക്കുകയും അതിന്റെപേരിൽ പല പ്രശ്നങ്ങളും പരിഹരിക്കപ്പെടാതെ അവശേഷിക്കുകയും ചെയ്യുന്നുവെന്നത് ഏറ്റവും ഖേദകരമായ ഒരു വസ്തുതയാണ്. വ്യക്തിപരമായ വിദ്വേഷവും പരസ്പരബന്ധത്തിലുള്ള പ്രശ്നങ്ങളും പ്രകടിപ്പിക്കേണ്ട ഇടമല്ല ഇടവകസംഘയോഗം എന്ന തിരിച്ചറിവും സുബോധവും എല്ലാവർക്കും ഉണ്ടാകേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം.

പുതുവർഷത്തിന്റെ പുതിയ അനുഭവങ്ങളിൽ നമ്മളിൽ ഓരോരുത്തരിലും പകരപ്പെടുന്ന വലിയവനായ ദൈവത്തിന്റെ കൃപയുടെ അനുഗ്രഹവർഷം ഉൾക്കൊണ്ടും ദൈവം നമുക്കൊരുക്കുന്ന സാധ്യതകളെ മനസ്സിലാക്കിയും മുന്നോട്ടുപോകുവാൻ ആവശ്യമായ സാവധാനതയും ക്ഷമയും, തിരുത്തലുകൾ ആവശ്യമായിരിക്കുന്ന മേഖലകളിൽ തിരുത്തലുകൾ വരുത്താനുള്ള സന്നദ്ധതയും എല്ലാവർക്കും ഉണ്ടാകേണ്ടതാണ്. നാം പിന്നിട്ട നോമ്പു ധ്യാനങ്ങളിലൂടെയും തിരുവചന പഠനത്തിലൂടെയും നാം നേടിയതായ അളവറ്റ ദൈവകൃപയുടെ വരദാനങ്ങൾ നമ്മുടെ ജീവിതത്തിൽ ദൈവം ഒരുക്കിത്തരുന്ന സാധ്യതകളെ കൃപ നിറഞ്ഞ അനുഭവങ്ങളായി ഉൾക്കൊണ്ടുകൊണ്ട് ദൈവനാമ മഹത്വത്തിനും നീതിയുടെ സംരക്ഷണത്തിനും ഉതകുന്ന വിധം നമ്മുടെ ജീവിതസാക്ഷ്യത്തെ വളർത്തിയെടുക്കുവാൻ ദൈവം ഏവർക്കും കൃപ പകരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഭാരതം ഒരു പൊതു തിരഞ്ഞെടുപ്പിന്റെ നാളുകളിലൂടെ കടന്നുപോകുകയാണല്ലോ. മെയ് മാസം 23-ാം തീയതി പുറത്തുവരുന്ന ഫലത്തിനായി എല്ലാവരും ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. ഭാരതത്തെ അടുത്ത 5 സംവത്സരങ്ങളിൽ ശ്രദ്ധേയമായ ഉന്നതികളിലേക്ക് നയിക്കുവാൻ തക്കതായ നേതാക്കന്മാർ ഈ തിരഞ്ഞെടുപ്പു പ്രക്രിയയിലൂടെ വിജയിച്ചുവരട്ടെ എന്ന് ആശംസിക്കുന്നു. ഇപ്രാവശ്യത്തെ തിരഞ്ഞെടുപ്പിൽ പ്രകടമായി കണ്ടുകൊണ്ടിരുന്നത് രാഷ്ട്രീയ മിമാംസകളുടെ അടിസ്ഥാനത്തിലല്ല ഇതര സാമൂഹിക, വർഗ്ഗീയ, വംശീയ ധ്രുവീകരണത്തിലൂടെ എങ്ങനെയും വിജയം നേടാൻ ശ്രമിക്കുന്നവരുടെ ജനാധിപത്യത്തിന് ഒട്ടും ഭൂഷണമല്ലാത്തവിധം വ്യക്തിഹത്യയുടെ ക്രൂരമായ ഭാവങ്ങളും വിദ്വേഷത്തിന്റെ വിഷം തുപ്പുന്ന പ്രസ്താവനകളും മുൻനിർത്തിയുള്ള സമീപനങ്ങളായിരുന്നു എന്നത് നമ്മുടെ ജനാധിപത്യത്തിന്റെ ഭാവിയെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്ന എല്ലാവരെയും വേദനിപ്പിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. ഇന്നലെവരെ തങ്ങൾ പറഞ്ഞ പ്രസ്താവനകളും തങ്ങൾ എടുത്ത നിലപാടുകളും മാറ്റിവെച്ചുകൊണ്ട് ഒരു നിമിഷം കൊണ്ട് കൂറുമാറിയും കൂടുമാറിയും രാഷ്ട്രീയ അഭ്യാസപ്രകടനങ്ങൾ കാഴ്ചവെച്ചവരുടെ അവസ്ഥയെക്കുറിച്ച് 'ലജ്ജാകരം' എന്നല്ലാതെ എന്താണ് പറയേണ്ടത്? ജനാധിപത്യ സംവിധാനത്തിൽ ഒരു തിരഞ്ഞെടുപ്പിലൂടെ ഒരു ഗവണ്മെന്റ് അധികാരത്തിൽ വരേണ്ടത് വിലകുറഞ്ഞ കരുനീക്കങ്ങളിലൂടെ ആയിരിക്കരുത്, ഇത്തരം പ്രലോഭനങ്ങളെ അതിജീവിക്കും വിധം ദേശീയമായ അവബോധത്തിന്റെ അതിശക്തമായ നിലപാടുകളിലൂടെയായിരിക്കണം എന്ന യാഥാർത്ഥ്യം നാം വിസ്മരിച്ചുപോകരുത്. എന്നാൽ പ്രതിസന്ധികളുടെയും അനിശ്ചി താവസ്ഥയുടെയും കരിമേഘങ്ങൾ നമ്മുടെ രാഷ്ട്രീയ വിഹായസ്സിനെ മൂടുമ്പോഴും നമുക്ക് ഒരു ആശ്വാസമുള്ളത് ചരിത്രത്തെ രൂപപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ദൈവം എല്ലാറ്റിന്റെ മേലും അധികാരമുള്ളവനാണ് എന്ന ഉറച്ച വിശ്വാസമാണ്. നമുക്ക് ഈ ദൈവത്തിലാശ്രയിക്കാം. വക്രതയിലൂടെയും കുതന്ത്രങ്ങളിലൂടെയും അധികാര സോപാനങ്ങളിലെത്തിച്ചേരുന്നവർ പലരും ഒരു കാര്യം ഓർക്കേണ്ടതായിട്ടുണ്ട്-വളഞ്ഞ വഴികളിലൂടെ നാം നേടുന്നതൊന്നും ഒരിടത്തും ഒരിക്കലും ശാശ്വതമായി നിലനിൽക്കുകയില്ല എന്ന യാഥാർത്ഥ്യമാണ് നാം ഓർക്കേണ്ടത്. യെശയ്യാവിന്റെ പ്രവചനത്തിൽ അന്വേഷിക്കുന്നതുപോലെ "ആരെ അയയ്ക്കേണ്ടു, ആർ നമുക്കുവേണ്ടി പോകും" എന്ന ചോദ്യത്തിന് യെശയ്യാവ് പ്രതികരിച്ചതുപോലെ 'അടിയനിതാ', അടിയനെ അയയ്ക്കേണമേ എന്നു പറയുന്ന അവബോധത്തിലേക്കാണ് ഓരോ വ്യക്തിയും വളരേണ്ടത്.

ഏപ്രിൽ മാസത്തിൽ വയ്യാറ്റുപുഴ ബെഥേൽ മാർത്തോമ്മാ ഇടവകയുടെയും സീതത്തോട് മൂന്നുകല്ല് സെഹിയോൻ മാർത്തോമ്മാ ഇടവകയുടെയും പെരുമ്പാവൂർ മേതല ഇമ്മാനുവേൽ ഇടവകയുടെയും മുക്കട മാർത്തോമ്മാ ഇടവകയുടെയും പുതിയ പള്ളികളുടെ കൂദാശയും മുഖത്തല മാർത്തോമ്മാ ഇടവകയുടെ പാരീഷ് ഹാളിന്റെയും പാഴ്സനേജിന്റെയും മല്ലപ്പള്ളി ആശ്രയായുടെ ചാപ്പലിന്റെ കൂദാശയും വടവാതൂർ സെന്റ് സ്റ്റീഫൻസ് മാർത്തോമ്മാ ഇടവകയുടെ പാഴ്സനേജിന്റെ കൂദാശയും നിർവ്വഹിക്കുകയുണ്ടായി. സഭയുടെ പാരമ്പര്യം അനുസരിച്ച് മൂറോൻ വർദ്ധിപ്പിക്കുന്നതായ കൂദാശ ഏപ്രിൽ മാസം 9-ാം തിയതി നടത്തപ്പെടുകയുണ്ടായി.

പഴയ പൂലാത്തീനിൽ സഭയുടെ ആനിമേഷൻ സെന്ററിന്റെ ഓഫീസ് പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുകയും നവീകരിച്ച കെട്ടിടത്തിന്റെയും ചാപ്പലിന്റെയും പുനഃപ്രതിഷ്ഠാ ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു. സഭയുടെ പുരാതനമായ രേഖകളും സാധന സാമഗ്രികളും ഈ ആനിമേഷൻ സെന്ററിൽ സൂക്ഷിച്ചിരിക്കുന്നു. ഇപ്രകാരമുള്ള നവീകരണപ്രവർത്തനങ്ങൾക്ക് ശ്രദ്ധേയമായ നേതൃത്വം നല്കിയ ആനിമേഷൻ സെന്റർ ഡയറക്ടർ റവ.സിബു പള്ളിച്ചിറ അച്ചനോടുമുള്ള സഭയുടെ അഭിനന്ദനം അറിയിക്കുന്നു. ആനിമേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ തൽമീദ് പാഠ്യപദ്ധതിയുടെ ആദ്യവാല്യമായ ധ്യാനപീഠം എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മവും നിർവ്വഹിച്ചു. ഈ പാഠ്യപദ്ധതിയുടെ ചെയർമാനായി പ്രവർത്തിച്ച അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ തിരുമേനിയെയും കൺവീനറായി പ്രവർത്തിച്ച വെരി റവ. ഡോ. കെ.ജി. പോത്തൻ അച്ചനെയും സഭയുടെ അഭിനന്ദനം അറിയിക്കുന്നു.

കോർബാ, ബിലാസ്പൂർ, സത്നാ, ഇടവകകളിൽ സന്ദർശനം നടത്തി. സത്നായിലെ നമ്മുടെ മിഷൻ പ്രവർത്തനം നമ്മുടെ 4 പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളായ ക്രിസ്തുകുല മിഷൻ ഹയർ സെക്കന്ററി സ്കൂൾ, ക്രിസ്തുകുല വിമൻസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ക്രിസ്തുകുല മിഷൻ കോളേജ് ബി.എഡ്., മാർത്തോമ്മാ ഗ്രാമജ്യോതി സ്കൂൾ എന്നിവയിലൂടെ പടർന്നുപന്തലിച്ചുകൊണ്ടിരിക്കുന്നു എന്നത് അഭിമാനകരമായ ഒരു വസ്തുതയത്രെ. ആദ്യത്തെ സ്കൂൾ മാത്രമുണ്ടായിരുന്ന സമയത്ത് ഗവേണിംഗ് ബോർഡിന്റെ ചുമതലയിൽ ആ ഒരു സ്കൂൾ മാത്രമെ ഉൾപ്പെട്ടിരിന്നുള്ളു. മറ്റ് സ്കൂളുകൾക്ക് പ്രത്യേകം ഗവേണിംഗ് ബോർഡുകളുണ്ടായിരുന്നു. എന്നാൽ ഈ നാലു സ്കൂളുകളെയും ഒരു ബോർഡിന്റെ കീഴിൽ കൊണ്ടുവരുന്നത് ഈ നാലു സ്കൂളുകളുടെയും ഒത്തൊരുമയോടെയുള്ള പ്രവർത്തനങ്ങളിലൂടെ വിദ്യാഭ്യാസ

മേഖലയിലുള്ള നമ്മുടെ മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാകുവാനും പുരോഗതിയിലേക്ക് കുതിക്കുവാനും പ്രയോജനകരമായിരിക്കും എന്ന് ഗുണദോഷിക്കുന്നു. ഇതിന് സഹായകരമായ നിലപാടുകളും നടപടികളും ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ് എന്ന് ഓർമ്മിപ്പിക്കട്ടെ. ഡിഗ്രി കോഴ്സിന്റെ ബിരുദദാന ചടങ്ങിലും ആദ്യത്തെ ബി.എഡ്. ബാച്ചിന്റെ ചടങ്ങിലും നാം അദ്ധ്യക്ഷത വഹിച്ചു. കോർബയിലുള്ള നമ്മുടെ സ്കൂളും വളരെ ഫലകരമായ രീതിയിൽ പ്രവർത്തിച്ചു വരികയാണ്. പൊതുവേ കേരളത്തിനു വെളിയിലുള്ള നമ്മുടെ സ്കൂളുകളെല്ലാം തന്നെ ഏറ്റവും ഉന്നതമായ നിലവാരമാണ് പുലർത്തുന്നത് എന്നതിൽ നമുക്ക് അഭിമാനിക്കാം.

നമ്മുടെ സഭയുടെ അഭിമാനമായ പത്മഭൂഷൺ അഭിവന്ദ്യ ഡോ.ഫീലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ 102-ാം ജന്മദിനമായിരുന്നു ഏപ്രിൽ 27. കുമ്പനാട് ഫെലോഷിപ്പ് ഹോസ്പിറ്റലിന്റെ ചാപ്പലിൽ വെച്ച് വിശുദ്ധ കുർബ്ബാന അന്നേ ദിവസം ക്രമീകരിക്കുകയുണ്ടായി. ഏപ്രിൽ 23-ാം തീയതി നടന്ന തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാൻ അഭിവന്ദ്യ തിരുമേനി ആഗ്രഹം പ്രകടിപ്പിക്കുകയും തിരുമേനിയെ പോളിംഗ് ബൂത്തിലേക്ക് പ്രത്യേകം വാഹനത്തിൽ കൊണ്ടുപോയി വോട്ടുചെയ്യുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു. ഞങ്ങൾ രണ്ടുപേരും ഒരേ ബൂത്തിൽ ഒരുമിച്ചെത്തിയാണ് വോട്ട് ചെയ്തത്.

ഈ ഏപ്രിൽ മാസത്തിൽ നാല് സഭാ പിതാക്കന്മാരെ നാം അനുസ്മരിക്കുന്നു. 13-ാം മാർത്തോമ്മാ ആയിരുന്ന മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ രണ്ടാം ജന്മശതാബ്ദി ദിനമാണ് ഈ ഏപ്രിൽ മാസം 18-ാം തീയതി എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. 1818 മേടമാസം 10-ാം തീയതി പത്താമുദയത്തിൻനാൾ സഭയുടെ ചരിത്രത്തിലെ ഒരു നിർണ്ണായകദിനമാണ്. ആ സമയത്ത് ആറന്മുള ക്ഷേത്രത്തിലേക്ക് വള്ളത്തിൽ യാത്ര ചെയ്തുകൊണ്ടിരുന്ന ഒരു ബ്രാഹ്മണ ശ്രേഷ്ഠൻ പുലർകാലവേളയിൽ ഒരു കുഞ്ഞിന്റെ ജനനത്തെ അറിയിച്ചുകൊണ്ടുള്ള നാട്ടുനടപ്പായ കുരവകേട്ടപ്പോൾ 'മഹാനായ ഒരു പൈതലിന്റെ ജനനമാണ് ഇത്' എന്ന് പറഞ്ഞതായി ഒരു നാട്ടു പറച്ചിലുണ്ട്. ആ പൈതലത്രെ പിന്നീട് മലങ്കര സഭയുടെ നവീകരണ പ്രക്രിയയ്ക്ക് നടുനായകത്വം വഹിച്ച പാലക്കുന്നത്ത് മാത്യൂസ് മാർ അത്താന്യോസ് മെത്രാപ്പോലീത്ത തിരുമേനി. സാഹസികമായ തിരുമേനിയുടെ യാത്രകളും തളർന്നുപോകാത്ത തിരുമേനിയുടെ ആത്മധൈര്യവും തനിക്കു ലഭിച്ചതായ രാജകീയ അധികാരത്തിന്റെ വെളിച്ചത്തിൽ അവശത അനുഭവിക്കുന്ന അനേകരെ അടിമത്വത്തിൽ നിന്ന് വിടുവിച്ച ചരിത്രവും തിരുമേനിയെക്കുറിച്ച് റ്റി.സി. ചാക്കോ എന്ന ചരിത്ര പണ്ഡിതൻ എഴുതിയ സഭാചരിത്രപുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട്. മാത്യൂസ് മാർ അത്താന്യോസ് മെത്രാപ്പോലീത്താ തിരുമേനി യാത്രയ്ക്കായി ഉപയോഗിച്ചിരുന്ന പഞ്ചകല്യാണി എന്ന അറബിക്കുതിരയെക്കുറിച്ചുള്ള ചരിത്രവും ചിത്രമെഴുത്ത് കെ.എം. വർഗീസ് എഴുതിയ പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്. കാലം ചെയ്ത അഭിവന്ദ്യ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ ജന്മദിനമായ ഏപ്രിൽ 10-ാം തീയതി തിരുവനന്തപുരത്തുവച്ച് ഡോ. അലക്സാണ്ടർ മാർത്തോമ്മാ സ് മാരക പ്രഭാഷണം റിട്ട. ചീഫ് സെക്രട്ടറി ഡോ. എം.എസ്. വിജയാനന്ദ് ഐ.എ.എസ്. നിർവ്വഹിക്കുകയുണ്ടായി. നവകേരളവും നവോത്ഥാനവും എന്ന വിഷയത്തെ കേന്ദ്രീകരിച്ചാണ് അദ്ദേഹം പ്രഭാഷണം നിർവ്വഹിച്ചത്. ഏപ്രിൽ 11-ാം തീയതി അഭിവന്ദ്യ ഈശോ മാർ തിമോത്തിയോസ് തിരുമേനി കാലം ചെയ്തിട്ട് 31 വർഷങ്ങൾ പിന്നിടുന്ന ദിവസമായിരുന്നു. ഏപ്രിൽ 18-ാം തീയതി അഭിവന്ദ്യ ഗീവർഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനി കാലംചെയ്ത് ഒരു വർഷം പിന്നിടുന്നു. അത്താനാസ്യോസ് തിരുമേനിയുടെ ജീവിതത്തെ അനുസ്മരിക്കുന്നതിനും ദർശനങ്ങളെ പങ്കുവെയ്ക്കുന്നതിനുമായി ഏപ്രിൽ 28-ാം തീയതി റാന്നിയിൽ വെച്ച് അനുസ്മരണ സമ്മേളനം നടക്കുകയുണ്ടായി. ഈ അനുസ്മരണ സമ്മേളനത്തിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലർ ഡോ. സിറിയക് തോമസ് അനുസ്മരണ പ്രഭാഷണം നിർവ്വഹിച്ചു. ഈ അഭിവന്ദ്യ പിതാക്കന്മാരിലൂടെ ദൈവം സഭയ്ക്കു നൽകിയ ശുശ്രൂഷകൾക്കായി നമുക്ക് ദൈവത്തെ സ്തുതിക്കാം.

ആസ്ട്രേലിയായിൽ ആദ്യമായി സഭയ്ക്ക് ഒരു പള്ളി സ്വന്തമായി വാങ്ങിക്കുന്നതിനുള്ള ആലോചനകളുടെ ഫലമായി ഒരു പള്ളി വാങ്ങിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സഫലമായി എന്ന വാർത്ത സന്തോഷത്തോടെ അറിയിക്കട്ടെ. സിഡ്നിയിൽ നമുക്കുള്ള സ്ഥലത്ത് ഒരു പള്ളി നിർമ്മിക്കുന്നതിന് ആവശ്യമായ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നു. ഇംഗ്ലണ്ടിലെ ഗ്രീനിച്ച് യൂണിവേഴ്സിറ്റിയുടെ അടുത്ത് നമ്മുടെ പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. അമേരിക്കയിലെ അറ്റ്ലാന്റായിലെ പ്രവർത്തനങ്ങൾ വളരെ ഹൃദ്യമായ രീതിയിൽ നടക്കുന്നു എന്നതിൽ വളരെയധികം സന്തോഷമുണ്ട്. ന്യൂജേഴ്സിയിൽ ഒരു പള്ളി വാങ്ങിക്കുന്നതിനുള്ള ശ്രമങ്ങളും ഇപ്പോൾ നടന്നുവരികയാണ്.

ഈ മാസം സഭയിലും സമൂഹത്തിലും നിർണ്ണായകമായ സ്വാധീനം ചെലുത്തിയിരുന്ന ചില പ്രമുഖ വ്യക്തികളുടെ വേർപാടിൽ മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കുള്ള അനുശോചനം അറിയിക്കുന്നു. കേരളത്തിന്റെ രാഷ്ട്രീയ മണ്ഡലത്തിൽ ദീർഘ സംവത്സരങ്ങളായി ജ്വലിച്ചുനിന്ന വ്യക്തിയായിരുന്നു കേരളത്തിന്റെ അഭിമാനമായ മുൻമന്ത്രി കെ.എം. മാണി. മാർത്തോമ്മാ സഭയുടെ ഒരു നല്ല സ്നേഹിതനായിരുന്നു അദ്ദേഹം. മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ഡി. ബാബു പോൾ കേരളത്തിന്റെ സമീപകാല ചരിത്രത്തിൽ അസാധാരണമായ പ്രാഗത്ഭ്യത്തോടെ, പ്രവർത്തിച്ച എല്ലാ മേഖലകളിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ഒരു സഭാ സ്നേഹിയായിരുന്നു. മാർത്തോമ്മാ സഭയുടെ അനേകം വേദികളിൽ സാറിന്റെ സാന്നിദ്ധ്യവും പ്രഭാഷണങ്ങളും ഒരു വലിയ അനുഗ്രഹമായി അനുഭവവേദ്യമായി തീർന്നിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് സെക്രട്ടറിയായിരുന്ന ഡോ. പി.എം. ഏബ്രഹാം ഐ.എ.എസ്. തിരുവനന്തപുരം റസിഡൻഷ്യൽ സ്കൂൾ സൊസൈറ്റിയുടെ ജനറൽ സെക്രട്ടറിയായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചതും ശ്രദ്ധേയമായ പ്രവർത്തനക്ഷമത കാഴ്ചവെച്ചതും പ്രത്യേകം സ്മരണീയമാണ്. മദ്രാസ് സ്കൂൾ ഓഫ് സോഷ്യൽ സയൻസിന്റെ സ്ഥാപകനും ഡയറക്ടറുമായിരുന്ന ഡോ. കെ.എൻ. ജോർജ്ജ് തികഞ്ഞ ഒരു സഭാ സ്നേഹിയും മദ്രാസിലെ മാർത്തോമ്മാ ഇടവകയുടെ പ്രാരംഭ കാലംമുതൽക്കുതന്നെ ഒരു നല്ല നേതൃത്വം നൽകിയ വ്യക്തിയുമായിരുന്നു. നമ്മുടെ സഭയിലെ ഒരു പ്രമുഖ വൈദികനായിരുന്ന റവ. റ്റി.സി. മാമ്മൻ (70) അമേരിക്കയിൽ വെച്ച് ഒരു കാറപകടത്തിൽ മരണമടയുകയുണ്ടായി. പെസഹാ വ്യാഴാഴ്ച വൈകിട്ട് അവിടെ ഒരു പള്ളിയിൽ ശുശ്രൂഷയ്ക്ക് ശ്രദ്ധേയമായ ഒരു പ്രസംഗം നിർവ്വഹിച്ച് മടങ്ങുമ്പോഴാണ് ഇങ്ങനെയൊരു അപകടം സംഭവിച്ചത്. അച്ചൻ സന്നദ്ധ സുവിശേഷ സംഘം ജനറൽ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പട്ടത്വ ശുശ്രൂഷയിൽ നിന്ന് വിരമിച്ചതിനുശേഷം അമേരിക്കയിൽ സ്ഥിരതാമസമാക്കി അവിടെയുള്ള പള്ളികളിൽ ശുശ്രൂഷ ചെയ്തുവരികയായിരുന്നു. ഈ മാസം നമ്മോടു വിടപറഞ്ഞ് കർത്തൃസന്നിധിയിലേക്ക് കടന്നുപോയ ഈ പ്രിയപ്പെട്ടവരുടെ ദേഹ വിയോഗത്തിൽ സഭയ്ക്കുള്ള അനുശോചനം രേഖപ്പെടുത്തുന്നതോടൊപ്പം സന്തപ്ത കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മെയ് 1 - ലോക തൊഴിലാളി ദിനമാണ്. നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം മെയ് 1ന് ഒരു പ്രത്യേകം പ്രാധാന്യമുണ്ട്. ഭാഗ്യസ്മരണീയനായ അഭി. ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനി സഭയുടെ മേൽപ്പട്ടത്വ ശുശ്രൂഷയിലേക്ക് അഭിഷേകം ചെയ്യപ്പെട്ട ദിനംകൂടിയാണിത്. തിരുമേനിയുടെ ജീവിതത്തെയും സഭയ്ക്കും സമൂഹത്തിനും തിരുമേനിയിലൂടെ പകരപ്പെട്ട അനുഗ്രഹങ്ങളെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. മനുഷ്യാവകാശത്തിന്റെയും തൊഴിൽപരമായി നാം അനുഷ്ഠിക്കേണ്ട കർത്തവ്യങ്ങളുടെയും ഒരു അവബോധം പുതുക്കുന്ന ഒരു ദിനമായിട്ടാണ് ലോക തൊഴിലാളിദിനം ലോകമെമ്പാടുമുള്ള രാഷ്ട്രങ്ങൾ ഏക പ്രതിബദ്ധതയോടെ ആചരിക്കുന്നത്. ഓരോ തൊഴിലിടത്തെയും ദൈവം നിയോഗിച്ച ഇടങ്ങളായി കണ്ട് ശുശ്രൂഷ ചെയ്യുവാൻ ആവശ്യമായ ഉൾക്കാഴ്ചയും

സമർപ്പണവും പ്രവർത്തന ക്ഷമതയും എല്ലാവർക്കും ലഭ്യമാകേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം. മെയ് 5-ാം തീയതി ഞായറാഴ്ച സഭയായി നാം ധ്യാനിക്കുന്നത് 'പ്രത്യാശ പകരുന്ന പുനരുത്ഥാന അനുഭവ'ത്തെക്കുറിച്ചാണ്. ഭൂഭവനദാന ദിനം കൂടിയാണത്. മത്തായിയുടെ സുവിശേഷം അവസാനിക്കുന്നത് "ഞാനോ ലോകാവ സാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെയുണ്ട്" എന്നരുളി ചെയ്ത ഉയിർത്തെഴുന്നേറ്റ നമ്മുടെ കർത്താവിന്റെ വാഗ്ദാനത്തോടുകൂടിയാണ്. യേശുവിന്റെ ക്രൂശുമരണത്തിനു ശേഷം യേശുവിന്റെ ശിഷ്യന്മാർ ഭയചകിതരായി ഒരു മുറിയിൽ കതകടച്ച് കൂടിയിരിക്കുമ്പോഴാണ് മനുഷ്യബുദ്ധിയുടെ മാനങ്ങൾക്ക് അതീതമായ വിധത്തിൽ കർത്താവിന്റെ പ്രത്യക്ഷത അവർക്കുണ്ടാകുന്നത്. കർത്താവ് അവരുടെമേൽ ഊതി അവരെ ബലപ്പെടുത്തി നിങ്ങൾ കതകടച്ചിരിക്കേണ്ടവരല്ല കതകു തുറന്ന് ലോകത്തിലേക്ക് ഇറങ്ങി ലോകത്തെ വീണ്ടെടുക്കുന്ന ദൈവ സ്നേഹത്തെ കുറിച്ച് പ്രഘോഷിക്കേണ്ടവരാണ് എന്ന പ്രബോധനം നൽകിയാണ് അവരെ അനുഗ്രഹിക്കുന്നത്. ക്രിസ്തു ആദ്യം പ്രത്യക്ഷപ്പെടുമ്പോൾ അവിടെയില്ലാതിരുന്ന തോമസ് അപ്പൊസ്തലൻ വീണ്ടും ശിഷ്യസമൂഹത്തോടുചേർന്നിരിക്കുമ്പോഴാണ് തോമസ് അപ്പൊസ്തലന്റെ സകല സംശയങ്ങളെയും ദൂരീകരിക്കുന്ന രീതിയിൽ കർത്താവ് പ്രത്യക്ഷപ്പെട്ടത്. മറ്റു ശിഷ്യന്മാർ യേശുവിനെ ഉയിർത്തെഴുന്നേറ്റവനായി കണ്ടതിന്റെ സാക്ഷ്യം പറയുമ്പോഴും തോമസ് അപ്പൊസ്തലൻ അതു മുഖവിലക്കെടുക്കുന്നില്ല. തനിക്ക് കണ്ടാൽ പോരാ, കേട്ടാൽ പോരാ, തൊട്ടാലും പോരാ, തന്റെ വിരൽ ക്രിസ്തുവിന്റെ ആണിപ്പാടിലും അവന്റെ വിലാപ്പുറത്തും ഇട്ട് ബോധ്യം വന്നെങ്കിൽ മാത്രമേ ക്രിസ്തുവിന്റെ ഉയിർപ്പിൽ താൻ വിശ്വസിക്കുകയുള്ളു എന്ന അഭിപ്രായം ഒരു ഗവേഷണ വിദ്യാർത്ഥിയുടെ മനോഭാവത്തോടെയാണ് അവതരിപ്പിച്ചത്. നിരീക്ഷണത്തിലൂടെ മാത്രമല്ല പരീക്ഷണത്തിലും കൂടെ തന്റെ അന്വേഷണത്തെ വ്യാപരിപ്പിക്കുന്ന ഒരു തോമസ് അപ്പൊസ്തലനെ നാം അവിടെ കാണുന്നു. എന്നാൽ തോമസ് അപ്പൊസ്തലൻ കൂടി ഉൾപ്പെട്ട ശിഷ്യസമൂഹത്തിന് ക്രിസ്തു പ്രത്യക്ഷനാകുമ്പോൾ തോമസ് നിശ്ചയിച്ച പരീക്ഷണങ്ങൾക്ക് തയ്യാറായി കർത്താവ് തന്നെ മുമ്പോട്ടുവരുമ്പോൾ സകല സംശയങ്ങളും ദൂരീകരിക്കപ്പെട്ടവനായി "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന വിശ്വാസം പ്രഖ്യാപിക്കുന്ന നിസ്തുല്യമായ സാക്ഷ്യത്തിന് ചരിത്രം സാക്ഷ്യം വഹിക്കുന്നു. മഗ്ദലനക്കാരി മറിയക്ക് ക്രിസ്തു പ്രത്യക്ഷനാകുമ്പോഴും അവളുടെ കണ്ണുനീരിന്റെ കാരണം ചോദിക്കുന്ന കർത്താവിനെയാണ് നാം അവിടെ കാണുന്നത്. 'സ്ത്രീയേ, നീ കരയുന്നതെന്ത്?' എന്ന് കർത്തവ് അന്വേഷിക്കുന്നു. മറിയയുടെ പേരു ചൊല്ലി കർത്താവ് അവളെ വിളിക്കുമ്പോൾ അവൾ തന്റെ ഗുരുവും രക്ഷകനുമായ ക്രിസ്തുവിനെ തിരിച്ചറിയുകയാണ്. മറിയയേയും കർത്താവ് നിയോഗിക്കുന്നത് തന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ സുവിശേഷം ശിഷ്യന്മാരോട് അറിയിക്കുവാനാണ്. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ പ്രത്യക്ഷതകളിലെല്ലാം ഒരു നിയോഗത്തിന്റെ സുവിശേഷമുണ്ട് എന്ന വസ്തുത നാം മറന്നുപോകരുത്. മെയ്മാസം 12-ാം തീയതി ഞായറാഴ്ച 'യഥാസ്ഥാനപ്പെടുത്തുന്ന കർത്താവ്' എന്ന ചിന്താവിഷയത്തെക്കുറിച്ചും 19-ാം തീയതി ഞായറാഴ്ച 'ഉത്ഥിതനായ കർത്താവ് നൽകുന്ന നിയോഗം' എന്ന ചിന്താവിഷയത്തെക്കുറിച്ചുമാണ് സഭയായി ചിന്തിക്കുന്നത്. ക്രിസ്തുവിന്റെ പുനരുത്ഥാന പ്രത്യക്ഷതകളുടെ സമാപന രംഗങ്ങളിലേക്കാണ് ഈ ധ്യാനങ്ങളിലൂടെ നാം കടന്നുവരുന്നത്. രണ്ട് സംഭവങ്ങൾ ഈ രണ്ടു സുവിശേഷ ഭാഗങ്ങളിലൂടെ ഉന്നതമായ ദർശനങ്ങളും പാഠങ്ങളും നമുക്ക് പകർന്നുനൽകുന്നുണ്ട്. ആദ്യഭാഗത്ത് (വി.യോഹന്നാൻ 21:1-14) നാം കാണുന്നത് ശിഷ്യന്മാരുടെ ഒരു കൂട്ടം പത്രോസിന്റെ നേതൃത്വത്തിൽ കൂടിയിരിക്കുന്ന ഒരു കാഴ്ചയാണ്. ആ സംഘത്തിൽ ഏഴു പേരാണ് ഉണ്ടായിരുന്നത്. തങ്ങളുടെ ഭാവിയെക്കുറിച്ചാണ് അവർ ചിന്തിച്ചുകൊണ്ടിരുന്നത്. ആ ഏഴംഗസംഘത്തിന്റെ നേതാവായിരുന്നു പത്രോസ് അപ്പോസ്തലൻ. നാളത്തെ ദിവസം സമൃദ്ധവും സമ്പന്നവും സന്തുഷ്ടവും ധന്യവുമാക്കുവാൻ ഇന്ന് താൻ എന്തുചെയ്യണമെന്ന് ആലോചിച്ച പത്രോസ് അപ്പോസ്തലൻ തന്റെ പഴയ തൊഴിലിലേക്കും തൊഴിൽ മേഖലയിലേക്കും പോകുവാൻ തീരുമാനിച്ചുകൊണ്ടാണ് 'ഞാൻ മീൻ പിടിപ്പാൻ പോകുന്നു'വെന്ന് ആ സംഘത്തിൽ പ്രഖ്യാപിച്ചത്. ഉടനെ ആ സംഘത്തിലുള്ളവരും ആ തീരുമാനത്തെ അംഗീകരിച്ച് പത്രോസിന്റെ വഴിയിലൂടെ 'മുമ്പേ ഗമിക്കും ഗോവ് തന്റെ പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം' എന്നു പറഞ്ഞതുപോലെ പോകുന്ന കാഴ്ചയാണ് നാം കാണുന്നത്. ആധുനികകാലഘട്ടത്തിൽ നാം കാണുന്ന സൊസൈറ്റി രൂപീകരണത്തിന്റെ ആദ്യരൂപമായി ഇവരുടെ ഈ ഏഴംഗസംഘത്തെ നമുക്ക് കാണാം. ഇന്ന് നമ്മുടെ നാട്ടിൽ ഒരു സൊസൈറ്റി രൂപീകരിക്കണമെങ്കിൽ കുറഞ്ഞത് ഏഴുപേരെങ്കിലും വേണം എന്നതാണ് നിയമത്തിന്റെ ചട്ടം. ഈ അർത്ഥത്തിൽ നോക്കിയാൽ ആദ്യത്തെ സൊസൈറ്റി യോഗമാണ് അന്ന് നടന്നത് എന്നുപറയാം. എന്നാൽ പത്രോസിന്റെ പ്രമേയം അംഗീകരിച്ച് പ്രഗത്ഭനായ പത്രോസിനോടൊപ്പം മറ്റു ശിഷ്യന്മാരും മീൻ പിടിക്കാൻ പോയെങ്കിലും ഫലം സമ്പൂർണ്ണ നിരാശയുടേതായിരുന്നു. ഒരു മീൻപോലും അവർക്കു കിട്ടിയില്ല. വൻഭൂരിപക്ഷത്തോടെ ജയിക്കുമെന്ന് വിചാരിച്ച് ഇലക്ഷനിൽ നിന്നശേഷം റിസൽട്ട് വന്നപ്പോൾ കെട്ടിവച്ച കാശുപോലും കിട്ടിയില്ല എന്ന അവസ്ഥയിൽ വന്നുപെട്ട സ്ഥാനാർത്ഥിയെപ്പോലെ ആയിരുന്നു പത്രോസിന്റെ ആ അവസ്ഥ. എന്നാൽ തന്നെ തള്ളിപ്പറഞ്ഞ ശിമയോനെ കർത്താവ് ഉപേക്ഷിച്ചില്ല. പടകിന്റെ വലത്തുഭാഗത്ത് വലവീശുവിൻ എന്ന് കർത്താവ് നിർദ്ദേശിച്ചതിൻപ്രകാരം അവർ വലയെറിയുമ്പോൾ അവർക്ക് പെരുത്ത മീൻകൂട്ടം ലഭ്യമാകുകയാണ്. എന്നു മാത്രമല്ല കരയിൽ, ക്ഷീണിച്ചുതളർന്ന തന്റെ പ്രിയ ശിഷ്യർക്കുവേണ്ടി. തീക്കനലിൽ ചുട്ട മീനും അപ്പവും കരുതിവെച്ച കർത്താവിനെയാണ് നാം കാണുന്നത്. അവർ ഭക്ഷിച്ച് ബലം പ്രാപിച്ച് തൃപ്തി പ്രാപിച്ചതിന് ശേഷമാണ് കർത്താവ് പത്രോസിനെ നിർണ്ണായകമായ ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ ക്ഷണിക്കുന്നത്. 'ശിമോനേ നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?' എന്ന ചോദ്യത്തേക്കാൾ മൂലഭാഷയോട് അടുത്തുനിൽക്കുന്ന കൂടുതൽ അർത്ഥവത്തായ ഭാഷ്യം 'നീ ഇവയിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?' എന്ന ചോദ്യമാണ്. മറ്റു ശിഷ്യന്മാരേക്കാൾ അധികമായി തന്നെ സ്നേഹിക്കുന്നുവോ എന്നല്ല കർത്താവ് ഉദ്ദേശിക്കുന്നത്, എല്ലാറ്റിലുമുപരിയായി പരിചിതമായ തൊഴിലിനെക്കാളും താൻ ആശ്രയംവെയ്ക്കുന്ന തൊഴിൽ മേഖലയിലുള്ള അനുഭവ സമ്പത്തിനെക്കാളും തൊഴിലിടത്തെക്കാളും ഉപരിയായി തന്നെ സ്നേഹിക്കുന്നുവോ എന്നാണ് യേശുവിന്റെ ചോദ്യത്തിന്റെ അർത്ഥം. പിന്നീട് വീണ്ടും യേശു ചോദിക്കുന്നു 'നീ എന്നെ സ്നേഹിക്കുന്നുവോ?' ആദ്യത്തെ രണ്ട് ചോദ്യങ്ങൾക്കും 'എനിക്ക് നിന്നോട് പ്രിയമുണ്ട് എന്ന് നീ അറിയുന്നുവല്ലോ' എന്നാണ് പത്രോസ് മറുപടി പറഞ്ഞത്. യേശു ആ മറുപടിയിൽ തൃപ്തിപ്പെടുന്നില്ല. എന്നാൽ മൂന്നാമത്തെ ചോദ്യത്തിന് 'കർത്താവേ, നീ സകലവും അറിയുന്നു; എനിക്ക് നിന്നോട് പ്രിയമുണ്ട് എന്നും നീ അറിയുന്നു' എന്ന് പത്രോസ് പറയുമ്പോൾ ആ മറുപടിയിൽ നാം മനസിലാക്കേണ്ട ഒരു വലിയ സത്യമുണ്ട്. ആദ്യത്തെ രണ്ടു മറുപടിയും തന്റെ തീരുമാനശക്തിയിലും തന്നിലും ആശ്രയിച്ചുകൊണ്ടുള്ള മറുപടിയാണ് പത്രോസ് നൽകിയതെങ്കിൽ ഇവിടെ മൂന്നാമത്തെ മറുപടിയിൽ തന്നെ അറിയുന്ന തന്റെ കർത്താവിലുള്ള പത്രോസിന്റെ സാക്ഷ്യമാണ് വെളിപ്പെടുന്നത്. ക്രിസ്തീയ ജീവിതം ഫലകരമാവുന്നത് കർത്താവ് നമ്മെ ഓരോരുത്തരെയും അറിയുന്നുവെന്ന അവബോധത്തിൽ എല്ലാം അറിയുന്ന കർത്താവിനെ നാം സ്നേഹിക്കുമ്പോഴാണ്. ഈ വലിയ ദർശനത്തോടുകൂടി നമുക്ക് പുതിയ ഒരു മാസത്തിലേക്ക് പ്രവേശിക്കാം.

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ,
28-04-2019

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**